## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3918** **26.06.2013-ലെ മറുപടിക്ക്**

### ദുർഘട ഗ്രാമീണ മേഖലയിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്ക് പരിഗണന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദുർഘട ഗ്രാമീണമേഖലയിൽ എത്ര പി.എച്ച്.സി.കൾ ഉണ്ടെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനം നൽകുന്നതിനായി ദുർഘട ഗ്രാമീണമേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ആശുപത്രികളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ താഴെ പറയുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | – | 6 |
| കൊല്ലം | – | 5 |
| പത്തനംതിട്ട | – | 6 |
| ആലപ്പുഴ | – | 3 |
| കോട്ടയം | – | 2 |
| ഇടുക്കി | – | 20 |
| എറണാകുളം | – | 3 |
| തൃശ്ശൂർ | – | 7 |
| പാലക്കാട് | – | 8 |
| മലപ്പുറം | – | 14 |
| കോഴിക്കോട് | – | 8 |
| വയനാട് | – | 22 |
| കണ്ണൂർ | – | 17 |
| കാസർകോഡ് | – | 24 |

(P.T.O.)

(ബി) ഇത്തരത്തിലുള്ള പി.എച്ച്.സി. കളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

**(ബി) & (സി)**

സംസ്ഥാനത്തെ ദുർഘട ഗ്രാമീണ മേഖലയായ അഗളി, ആനക്കട്ടി, അട്ടപ്പാടി, പുതൂർ, ഷോളയാർ എന്നീ പ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് അധിക പ്രത്യേക ബത്തയായി പ്രതിമാസം 4500/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ദുർഘട ഗ്രാമീണ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് സർവ്വീസ് ക്വാട്ടയിൽ പി.ജി. പഠനത്തിനായി അപേക്ഷിക്കുമ്പോൾ ദുർഘട ഗ്രാമീണ മേഖലയിലെ പൂർത്തീകരിച്ച രണ്ടുവർഷ സേവനത്തിന് ഒരുവർഷ അധിക സർവ്വീസ് നൽകി സീനിയോറിറ്റി നിശ്ചയിക്കുന്നതാണ്.

(ഡി) മെഡിക്കൽ പി.ജി. പ്രവേശനത്തിന് ഗ്രാമീണമേഖലയിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്കുള്ള പരിഗണന ഒഴിവാക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) സർവ്വീസ് ക്വാട്ടയിൽ പി.ജി. പ്രവേശനത്തിനായി ദുർഘട ഗ്രാമീണമേഖലയ്ക്ക് പ്രത്യേക ക്വാട്ട നിലവിലുണ്ടായിരുന്നു. എന്നാൽ ദുർഘട ഗ്രാമീണ മേഖലയ്ക്കായി പ്രത്യേക ക്വാട്ടയ്ക്ക് പകരം പ്രസ്തുത മേഖലയിലെ തുടർച്ചയായ രണ്ടുവർഷ സേവനത്തിന് ഒരുവർഷ അധിക സർവ്വീസ് നൽകി സർവ്വീസ് ക്വാട്ടയിൽ പി.ജി. പ്രവേശനത്തിനുള്ള സീനിയോറിറ്റി നിശ്ചയിക്കുന്ന ആനുകൂല്യമാണ് ഇപ്പോൾ നിലവിലുള്ളത്.

(ഇ) പ്രസ്തുത പരിഗണന ഒഴിവാക്കിയതു മൂലം ഗ്രാമീണ മേഖലയിൽ സേവനമനുഷ്ഠിക്കുന്നതിന് ഡോക്ടർമാർക്ക് താല്പര്യം കുറയുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആനുകൂല്യം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) പ്രസ്തുത പരിഗണന ഒഴിവാക്കിയതുമൂലം ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ സേവനമനുഷ്ഠിക്കുന്നതിന് താൽപ്പര്യം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ